**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5296** **12-08-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഇല്ല. ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ ഇരിക്കൂർ മണ്ഡലത്തിൽ താഴെപ്പറയുന്ന 4 പഞ്ചായത്തിലും 1 മുനിസിപ്പാലിറ്റിയിലും ഓരോ സ്കിൽഡ് ഡവലപ്പ്മെന്റ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1. ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്, 2. ആലക്കോട് ഗ്രാമ പഞ്ചായത്ത്, 3. ചെങ്ങളായി ഗ്രാമ പഞ്ചായത്ത്, 4. ഉളിക്കൽ ഗ്രാമ പഞ്ചായത്ത്, 5. ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റി. മേൽ സൊസൈറ്റികൾ പൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടില്ല. |
| (ബി) | ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഇല്ല. ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ ഇരിക്കൂർ മണ്ഡലത്തിൽ താഴെപ്പറയുന്ന 4 പഞ്ചായത്തിലും 1 മുനിസിപ്പാലിറ്റിയിലും ഓരോ സ്കിൽഡ് ഡവലപ്പ്മെന്റ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1. ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്, 2. ആലക്കോട് ഗ്രാമ പഞ്ചായത്ത്, 3. ചെങ്ങളായി ഗ്രാമ പഞ്ചായത്ത്, 4. ഉളിക്കൽ ഗ്രാമ പഞ്ചായത്ത്, 5. ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റി. മേൽ സൊസൈറ്റികൾ പൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | (സി) | സ്കിൽ ഡലപ്പ്മെന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ടി പദ്ധതി വഴി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ